നം. കെ.എസ്.എ.പി.റ്റി.എ. പി3/504/25 തീയതി: 16/04/2025

ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ 2021-22, 2022-23 വർഷങ്ങളിലെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

[1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 5,13വകുപ്പുകൾ, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്]

ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ **2021-22, 2022-23** വർഷങ്ങളിലെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2021 മുതൽ 31.03.2023 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്.

സ്ഥാപനത്തിൽനിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീമതി സ്നിഗ്ധ എസ്. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും	ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ ശ്രീ. ഹരികുമാർ എം, അസി.ഓഡിറ്റ് ഓഫീസർ ശ്രീ. അരുൺകുമാർ എസ്, അസി.ഓഡിറ്റ് ഓഫീസർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	07-04-2025 മുതൽ 11-04-2025 വരെ

നിർവ്വഹണാധികാരികൾ

ചെയർമാൻ	ശ്രീ ടി.കെ.എ നായർ (01.04. 2021 മുതൽ 14-2-2022വരെ) ഡോ.ജി.ശങ്കർ (15-2-2022മുതൽ31-3-2023വരെ)
എക്സിക്യൂട്ടീവ് ഡയറക്ടർ	2. ശ്രീ. T.R സദാശിവൻ നായർ. (സാംസ്കാരിക വകുപ്പ് ഡയറക്ടർ അഡീഷണൽചാർജ്) (1-4-2021മുതൽ 31.5.2021 വരെ) 1-6-2021മുതൽ 26-7-2021 വരെ ആർക്കും ചാർജ് നൽകിയിട്ടില്ല ശ്രീ.മുഹമ്മദ് റിയാസ്

	(സാംസ്കാരിക വകുപ്പ് ഡയറക്ടർ അഡീഷണൽചാർജ്) (27-7-2021മുതൽ 14-12-2021വരെ) ശ്രീ. T.R സദാശിവൻ നായർ (സാംസ്കാരിക വകുപ്പ് ഡയറക്ടർ (റിട്ട) കരാറടിസ്ഥാനത്തിൽ) (15-12-2021 മുതൽ 31-3-2023 വരെ)

ഭാഗം –1

പൊതു അവലോകനം

1-1 ആമുഖം

ഭാരതീയ വാസ്തുവിദ്യയുടെയും അനുബന്ധ വിഷയങ്ങളുടെയും പ്രചരണത്തിനും സംരക്ഷണത്തിനുമായി സാംസ്കാരിക വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ 17-11-1993 മുതൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് വാസ്തുവിദ്യാ ഗുരുകുലം. 1955-ലെ തിരുവിതാംകൂർ-കൊച്ചി ശാസ്ത്ര സാഹിത്യ ചാരിറ്റബിൾ സൊസൈറ്റി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനം, പരമ്പരാഗത വാസ്തുവിദ്യ, ചുമർചിത്രകല, അനുബന്ധ വിഷയങ്ങൾ എന്നിവയുടെ പോഷണത്തിലും പ്രചാരണത്തിലും വിലപ്പെട്ട സംഭാവനകൾ നൽകി പ്രവർത്തിച്ചു വരുന്നു. ചിത്രകലയും, വാസ്തുവിദ്യയും സംബന്ധിച്ച പ്രദർശനസ്റ്റാളും സ്ഥാപനത്തിൽ സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ശ്രീകരിച്ചിട്ടുള്ള വിവിധ സംഘങ്ങളിൽനിന്നും ശേഖരിച്ച കരകൗശല വസ്തുക്കളും, സ്ഥാപനത്തിലെ ചിത്രകാരൻമാർ വരച്ച ചിത്രങ്ങളും സ്ഥാപനംവഴി പ്രദർശനം നടത്തുകയും വിൽക്കുകയും ചെയ്യുന്നു. കൂടാതെ ചുമർചിത്രസംബന്ധിയായ നിരവധി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നുമുണ്ട്. അവധിക്കാലക്ലാസുകളുടെ ഭാഗമായി സ്കൂൾകുട്ടികൾക്ക് "നിറച്ചാർത്ത്" എന്നപേരിൽ ചിത്രകലാ പഠനക്യാമ്പും എല്ലാവർഷവും സംഘടിപ്പിക്കുന്നുണ്ട്.

ഓഡിറ്റിന്റെ പ്രസക്തി

ധനകാര്യ വകുപ്പിന്റെ സ.ഉ. (സാധാ) നം.83/15 തീയതി 6-1-2015 -ാം നമ്പർ ഉത്തരവ് പ്രകാരം കേരള സർക്കാർ ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ഓഡിറ്റ് നടത്തുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 11-02-2015-ലെ എൽ.എഫ്. 8486/ആർ1/2014 നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, വാസ്തുവിദ്യ ഗുരുകുലത്തിന്റെ ഓഡിറ്റ് നടത്തുവാൻ പത്തനംതിട്ട ജില്ലാ ഓഡിറ്റ് ഓഫീസിനെ ചുമതലപ്പെടുത്തുകയുണ്ടായി.

ഭരണ സംവിധാനം

ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ഭരണ നിർവ്വഹണം നടത്തുന്നത് 19 അംഗ ഭരണസമിതിയും, അതിൽ നിന്നുള്ള ചെയർമാൻ, വൈസ് ചെയർമാൻ, ജില്ലാ കളക്ടർ, ആർക്കിയോളജി ഡയറക്ടർ, ഗവേണിംഗ് ബോഡിയിൽനിന്നുള്ള ഒരു അനൗദ്യോഗിക അംഗം എന്നിവർ ഉൾപ്പെട്ട 5 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്നാണ്. അക്കാദമിക് കൗൺസിലിൽ 6 അംഗങ്ങളുണ്ട്.

വാസ്തുവിദ്യാ ഗുരുകുലത്തിന്റെ റൂൾസ് ആന്റ് റെഗുലേഷൻസ്, ശീർഷകം 9(a) പ്രകാരം ഗവേണിംഗ് ബോഡി വർഷത്തിൽ കുറഞ്ഞത് ഒരു തവണയും, എക്സിക്യൂട്ടീവ് കമ്മിറ്റി കുറഞ്ഞത് മൂന്ന് തവണയുമെങ്കിലും യോഗം ചേരണം. 2021-22, 2022-23 വർഷങ്ങളിൽ 2 പ്രാവശ്യം വീതം (25-5-2021, 26-2-2022) (14-10-2022, 25-2-2023) ഗവേണിംഗ് ബോഡി യോഗം ചേർന്നിട്ടുണ്ട്. എന്നാൽ 2021-22, 2022-23 വർഷങ്ങളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്നിട്ടില്ല. ബൈലോയിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം കൃത്യമായ ഇടവേളകളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

രജിസ്ട്രേഷൻ

1955-ലെ തിരുവിതാംകൂർ-കൊച്ചി ശാസ്ത്ര സാഹിത്യ ചാരിറ്റബിൾ സൊസൈറ്റി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനം (നം. P299/93), 2000-01 മുതൽ 2023-24 വരെയുള്ള റജിസ്ട്രേഷൻ 20-03-2025 നാണ് പുതുക്കിയിട്ടുള്ളത്.

സാമ്പത്തിക സ്രോതസ്സുകൾ

ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സ് സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റുകളാണ്. വാസ്തുശാസ്ത്രത്തിലധിഷ്ഠിതമായ നിർമ്മാണങ്ങളുടെ കൺസൾട്ടൻസി ചാർജ്ജ്, വിദ്യാർത്ഥികളിൽ നിന്നുള്ള കോഴ്സ് ഫീ,

ചുമർ ചിത്രങ്ങളുടെ വിൽപ്പന, പുസ്തക വിൽപ്പന,മ്യൂറൽ പെയിന്റിംഗുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ, ഗ്രൂപ്പുകൾ നടത്തുന്ന വിവിധ എക്സിബിഷനുകൾ എന്നിവയും വരുമാനമാർഗ്ഗങ്ങളിൽ ഉൾപ്പെടുന്നു.

കോഴ്സുകളുടെ വിവരം

വാസ്തുവിദ്യയെക്കുറിച്ച് കൃത്യമായ ഒരു അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനും വാസ്തുവിദ്യയുടെ പ്രചരണത്തിനുമായി, വാസ്തുവിദ്യയുടെ ആധാര ഗ്രന്ഥങ്ങളായ മയമതം, മാനസാരം, തന്ത്രസമുച്ചയം, ശിൽപരത്നം, മനുഷ്യാലയ ചന്ദ്രിക, വിശ്വകർമ്മ പ്രകാശിക എന്നിവയെ അടിസ്ഥാനമാക്കി സിലബസ് തയ്യാർ ചെയ്ത് ഒരു വർഷം ദൈർഘ്യമുള്ള കറസ്പോണ്ടൻസ് കോഴ്സ്, വാസ്തുവിദ്യയുടെ പ്രയോക്താക്കളായ വിശ്വകർമ്മ സമുദായക്കാർക്കായി സംവിധാനം ചെയ്തിരിക്കുന്ന ഒരു വർഷ സർട്ടിഫിക്കറ്റ് കോഴ്സ്, സിവിൽ/ആർക്കിടെക്ചർ എൻജിനീയറിംഗ് ബിരുദധാരികൾക്കായുള്ള ഒരു വർഷ പി.ജി. ഡിപ്ലോമ കോഴ്സ്, ചുമർ ചിത്രകല കോഴ്സ് (ദ്വിവർഷം, ഏകവർഷം) എന്നിവയാണ് വാസ്തുവിദ്യാ ഗ്രൂപ്പുകളത്തിൽ നടത്തപ്പെടുന്ന കോഴ്സുകൾ.

1-2 ബജറ്റ്

വാസ്തുവിദ്യാ ഗ്രൂപ്പുകളം ഗവേണിംഗ് ബോഡിയുടെ 6-2-2021-ൽ ചേർന്ന 44-ാമത് യോഗത്തിന്റെ ഒന്നാം നമ്പർ തീരുമാനപ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ബജറ്റും, 26-2-2022-ൽ ചേർന്ന 46-ാമത് യോഗത്തിന്റെ രണ്ടാം നമ്പർ തീരുമാനപ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. സാമ്പത്തിക വർഷങ്ങളിൽ ബജറ്റിന് ഗവേണിംഗ്ബോഡിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും പ്രതീക്ഷിത വരവ് ചെലവ് തുകകൾ യോഗത്തിൽ ചർച്ച ചെയ്തിട്ടില്ല. ബജറ്റ് അംഗീകരിച്ചുവെന്ന തീരുമാനം രേഖപ്പെടുത്തുകമാത്രമാണ് ചെയ്തിരിക്കുന്നത്. ലഭ്യമാക്കിയ ഫയൽപ്രകാരം 2021-22 സാമ്പത്തിക വർഷം 1,57,30,000 രൂപ വരവും അത്രതന്നെ ചെലവും 2022-23 സാമ്പത്തിക വർഷം 16,93,00,000 വരവും അത്രതന്നെ ചെലവും പ്രതീക്ഷിച്ചിട്ടുള്ള ബജറ്റിനാണ് അംഗീകാരം നൽകിയത്. 2022-23 വർഷത്തെ ബജറ്റ് 1,51,00,000 രൂപ വരവും അത്രതന്നെ ചെലവും പ്രതീക്ഷിച്ച് പുതുക്കിയിട്ടുണ്ട്. എന്നാൽ ഗവേണിംഗ് ബോഡിയുടെ അംഗീകാരം നേടി തീരുമാനമെടുത്തിട്ടില്ല. ഗവേണിംഗ് ബോഡിയുടെ യോഗത്തിൽ ബജറ്റ് വിശദമായി ചർച്ച ചെയ്ത് അംഗീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-3 സ്പെഷ്യൽ റൂൾസിന് അംഗീകാരം ലഭിച്ചിട്ടില്ല

വാസ്തുവിദ്യാ ഗ്രൂപ്പുകളം രൂപീകൃതമായി 25 വർഷം കഴിഞ്ഞിട്ടും സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയില്ല. സർക്കാർ നിർദ്ദേശ പ്രകാരം സ്പെഷ്യൽ റൂൾസ് തയ്യാറാക്കി 30-11-2015-ൽ വി.വി.ജി/എഫ്-448/01/2015 നമ്പരായി വാസ്തുവിദ്യാ ഗ്രൂപ്പുകളത്തിന്റെ ഭരണ സമിതി അംഗീകരിച്ച് സാംസ്കാരിക വകുപ്പ് സെക്രട്ടറിക്ക് അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. എന്നാൽ ആയതിന് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. സ്പെഷ്യൽ റൂൾസിന് അംഗീകാരം നേടിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്പെഷ്യൽ റൂൾസിന്റെ അഭാവത്തിൽ ഗവേണിംഗ് ബോഡിയുടെ തീരുമാന പ്രകാരവും സർക്കാർ ഉത്തരവിന്റെ പിൻബലത്തിലുമാണ് ഗ്രൂപ്പുകളത്തിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

1-4 ആഭ്യന്തര നിയന്ത്രണം

1) വൗച്ചറുകളുടെ സൂക്ഷിപ്പ്

വാസ്തുവിദ്യാഗ്രൂപ്പുകളത്തിന് 3 ബാങ്ക് അക്കൗണ്ടുകളും രണ്ട് ട്രഷറി അക്കൗണ്ടുകളുമാണ് ഉള്ളത്. ട്രഷറി അക്കൗണ്ടുകളിലും ബാങ്ക് അക്കൗണ്ടുകളിലുമുള്ള ചെലവുകളുടെ വൗച്ചറുകളാണ് സൂക്ഷിച്ചിരിക്കുന്നത്. വൗച്ചറുകൾ ചെലവ് നടക്കുന്നതിന്റെ അടിസ്ഥാനത്തിൽ കൃത്യമായി നമ്പരിട്ട് സൂക്ഷിക്കുന്നില്ല. മറിച്ച് ഇടപാടുകാർക്ക് നൽകുന്ന ചെക്കുകൾ ബാങ്കിൽ ക്യാഷ്ചെയ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ ക്യാഷ്ബുക്കിൽ ചേർക്കുകയാണ് ചെയ്യുന്നത്. വിവിധ വൗച്ചറുകൾ പ്രകാരം ചെക്കുകൾ ഇടപാടുകാർക്ക് നൽകുമ്പോൾ തന്നെ ആയത് ചെലവായി ക്യാഷ്ബുക്കിൽ ചേർക്കേണ്ടതും, മാസാന്ത്യം ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുമാണ്.

സി) രജിസ്റ്ററുകളുടെ പരിപാലനം

1) കാഷ് ബുക്ക്

ചെലവ് വൗച്ചറുകളിൽ വൗച്ചർ നമ്പർ രേഖപ്പെടുത്തി പ്രസ്തുത നമ്പർ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകൾ ക്യാഷ്ബുക്കിൽ പ്രതിഫലിക്കുന്നില്ല. ഇടപാടുകാർക്ക് നൽകുന്ന ചെക്കുകൾ ബാങ്കിൽ ക്യാഷ്ചെയ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ ക്യാഷ്ബുക്കിൽ ചേർക്കുകയാണ് ചെയ്യുന്നത്. ക്യാഷ് ബുക്കിൽ മാസാന്ത്യ, വർഷാന്ത്യ ക്ലോസിംഗുകൾ നടത്തി സ്ഥാപന ഡയറക്ടർ സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും ട്രഷറി, ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2) ആസ്തി രജിസ്റ്റർ :

സ്ഥാപനത്തിന്റെ എല്ലാ ആസ്തികളും ഉൾപ്പെടുത്തി രജിസ്റ്റർ പുതുക്കി സൂക്ഷിക്കേണ്ടതാണ്.

3) മൈറൽ പെയിന്റിംഗ് സ്റ്റോക്ക് രജിസ്റ്റർ–കാലികമാക്കേണ്ടതാണ്

വിപണിയിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ചുമർ ചിത്രങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റോക്ക് രജിസ്റ്റർ വാസ്തുവിദ്യാ ഗ്രൂപ്പുകൾ സൂക്ഷിച്ചുവരുന്നു. വാസ്തുവിദ്യാ ഗ്രൂപ്പുകളിലെ ചുമർ ചിത്രകലാ അദ്ധ്യാപകർ വരച്ചിട്ടുള്ള ഈ ചിത്രങ്ങൾ, വാസ്തുവിദ്യാ ഗ്രൂപ്പുകളുടെ ആറന്മുള ഓഫീസിലും തിരുവനന്തപുരം അനന്തപുരം പാലസ് ഓഫീസിലുമായാണ് സൂക്ഷിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള ഫിനാൻഷ്യൽ കോഡ് ചട്ടം 158 അനുശാസിക്കുന്ന പ്രകാരം ചുമർ ചിത്രങ്ങളുടെ ആനുകാലിക/വാർഷിക ഭൗതിക പരിശോധന ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ രജിസ്റ്ററില ഇല്ല.

2. ഓരോ ചിത്രവും തിരിച്ചറിയുന്നതിനായി സവിശേഷ തിരിച്ചറിയൽ നമ്പർ നൽകിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ചിത്രങ്ങളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. ആയവ വിൽക്കുമ്പോൾ മാത്രമാണ് രേഖപ്പെടുത്തലുകൾ വരുത്തുന്നത്. ചില അവസരങ്ങളിൽ അപ്രകാരമുള്ള രേഖപ്പെടുത്തലുകളും വരുത്തുന്നില്ല.

4. സ്റ്റോക്ക് രജിസ്റ്റർ ചില "എൻട്രികൾ" പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയവ പെട്ടെന്ന് മാഞ്ഞുപോകുന്നതാണ്.
5. ഓരോ പെയിന്റിംഗിന്റെയും യഥാർത്ഥ സ്ഥാനം (പെയിന്റിംഗ് സൂക്ഷിച്ചിരിക്കുന്ന സ്ഥലം) രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ലക്ഷങ്ങൾ വിലമതിക്കുന്ന ചുമർചിത്രങ്ങൾ സ്റ്റോക്കിലുള്ളതിനാൽ, മേൽപ്പറഞ്ഞ ചിത്രങ്ങൾ സംരക്ഷിക്കുന്നതിൽ പ്രത്യേക ശ്രദ്ധയും ജാഗ്രതയും പുലർത്തേണ്ടതും, സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ച്, ആനുകാലികവും വാർഷികവുമായ ഭൗതിക പരിശോധന ഓഫീസ് മേധാവി നടത്തി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
4) അഡ്വാൻസ് രജിസ്റ്റർ :

അഡ്വാൻസ് രജിസ്റ്ററിൽ സ്ഥാപന മേധാവിയുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല. (ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ അഡ്വാൻസ്) രജിസ്റ്ററിലെ തിരിച്ചടവുകൾ, ബിൽ അഡ്ജസ്റ്റുമെന്റുകൾ, മറ്റു വിധത്തിലുള്ള സെറ്റിൽമെന്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

1-5 സർക്കാർ ഗ്രാന്റ്

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ സർക്കാരിൽ നിന്നും പ്ലാൻ ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉത്തരവ് നമ്പർ/തീയതി	തുക	ക്രെഡിറ്റിൽ വന്ന തീയതി
2021-22			
1	സ.ഉ (സാധാ) നം: 397/2021/സാം.ക.വ; 21-10-2021 (പദ്ധതി പ്രവർത്തനം)	1375000	27-10-2021
2	സ.ഉ (സാധാ) നം: 58/2022/സാം.ക.വ;7-2-2022 (പദ്ധതി പ്രവർത്തനം)	2750000	15-02-2022
3	സ.ഉ (സാധാ) നം: 107/2022/സാം.ക.വ;28-2-2022 (പദ്ധതിയേതര പ്രവർത്തനം)	1000000	09-03-2022
ആകെ		**5125000**	
2022-23			
1	സ.ഉ (സാധാ) നം: 398/2022/സാം.ക.വ; 27-6-2022 (പദ്ധതി പ്രവർത്തനം)	1500000	06-07-2022
2	സ.ഉ (സാധാ) നം: 670/2022സാം.ക.വ;18-11-2022 (പദ്ധതി പ്രവർത്തനം)	1305000	28.11.2022
3	സ.ഉ (സാധാ) നം: 141/2023/സാം.ക.വ;24-3-2023 (പദ്ധതി പ്രവർത്തനം)	720000	27-03-2023
4	നം.പി.4/3296/2022/സാ.വ 29-9-2022 (ഗ്രാമീണകലാ കേന്ദ്രം പദ്ധതി)	6250000	17-10-2022

5	നം.പി.4/3296/2022/സാ.വ 28-1-2023 (ഗ്രാമീണകലാ കേന്ദ്രം പദ്ധതി)	6500000	06-02-2023
6	FN Policy File no.AICTE/IKS center 1/2021-22/09 (I.K.S റിസേർച്ചിനുള്ള ഗ്രാന്റ്)	2187750	04-04-2022
7	സ.ഉ (സാധാ) നം: 485/2022സാം.ക.വ; 15-8-2022 (പദ്ധതി പ്രവർത്തനം)	375000	01-09-2022
	ആകെ	**18837750**	

1-6 തനത് വരുമാന വർദ്ധനവ് അനിവാര്യം

വാസ്തുശാസ്ത്രത്തിലധിഷ്ഠിതമായ നിർമ്മാണങ്ങളുടെ കൺസൾട്ടൻസി ചാർജ്ജ്, വിദ്യാർത്ഥികളിൽ നിന്നുള്ള കോഴ്സ് ഫീ, ചുമർ ചിത്രങ്ങളുടെ വിൽപ്പന, മൃറൽ പ്രോജക്ടുകളിൽ നിന്നുള്ള വരുമാനം, വാസ്തു സംബന്ധമായ പുസ്തകങ്ങളുടെ വിൽപ്പന, വിവിധ എക്സിബിഷനുകൾ, മൃറൽപെയിന്റിംഗ് സംബന്ധിച്ച വിവിധ പ്രോജക്ടുകൾ തുടങ്ങിയവയാണ് സ്ഥാപനത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. പ്ലാൻ ഹെഡിൽ സർക്കാർ അനുവദിക്കുന്ന ഗ്രാന്റ്, ശമ്പളം ഉൾപ്പടെയുള്ള ഭരണച്ചെലവുകൾക്ക് വകമാറ്റി ചെലവഴിക്കുവാൻ പാടില്ല എന്ന് സാംസ്കാരിക വകുപ്പ് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് തൻവർഷം തനത് വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.വർദ്ധിച്ചുവരുന്ന പ്രവർത്തനച്ചെലവ്, എസ്റ്റാബ്ലിഷ്മെന്റ് ചെലവ് എന്നിവ പരിഗണിച്ച് മൃറൽപെയിന്റിംഗ് സംബന്ധിച്ച് ലഭ്യമാകാവുന്ന പ്രോജക്ടുകൾ സംബന്ധിച്ച് സാധ്യതകൾ തേടേണ്ടതും, തനത് വരുമാനം മെച്ചപ്പെടുത്തി സ്ഥാപനത്തിന്റെ സാമ്പത്തിക നില ഭദ്രമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-7 സ്ഥാപനം ഏറ്റെടുത്ത പ്രോജക്ടുകൾ

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ 4 പ്രോജക്ടുകളാണ് വാസ്തു വിദ്യാ ഗുരുകുലം ഏറ്റെടുത്തിട്ടുള്ളത്. ആയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രൊജക്ടിന്റെ പേര്	കരാർ തുക/ കരാർ തീയതി	വർഷം/ ലഭിച്ച തുക	റിമാർക്സ്
1	വിഷൻ വർക്കല മൃറൽപ്രോജക്ട്	5830800 30-9-2020	2021-22 5313034	പദ്ധതി പൂർത്തീകരിച്ചു
2	വൈലോപ്പിള്ളി സംസ്കൃതിഭവൻ മൃറൽ പ്രോജക്ട്	1498000 24-3-2021	2021-22 – 1141680	പദ്ധതി പൂർത്തീകരിച്ചു
3	ആർക്കിയോളജി -2nd Documentation Project	കരാർ തുക ലഭ്യമല്ല 20-1-2020	2021-22 1752754 2022-23 2720339	പദ്ധതി പൂർത്തീകരിച്ചു
4	ടൂറിസം വകുപ്പ് പ്രോജക്ട്	കരാർ തുക ലഭ്യമല്ല 4-2-2021	2021-22 768075	പദ്ധതി പൂർത്തീകരിച്ചു

1-8 കോഴ്സുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നു

വാസ്തുശാസ്ത്രം, ചുമർ ചിത്രകല എന്നീ വിഷയങ്ങളിൽ സ്ഥാപനം നടത്തുന്ന കോഴ്സുകളിൽ 2021-22, 2022-23വർഷങ്ങളിൽ എൻറോൾ ചെയ്തവരുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/07.04.2025) ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ നിന്നും സ്ഥാപനം നടത്തപ്പെടുന്ന കോഴ്സുകൾക്ക് പഠിതാക്കളുടെ പങ്കാളിത്തം കുറവാണെന്ന് വ്യക്തമാകുന്നു. എല്ലാ കോഴ്സുകളിലുമായി 205സീറ്റുകൾ നിശ്ചയിച്ചിരിക്കുമ്പോൾ 60 ൽ താഴെ മാത്രം പഠിതാക്കളാണ് പങ്കെടുത്തിട്ടുള്ളത്.

ക്രമ നം	കോഴ്സിന്റെ പേര്	നിശ്ചയിച്ചിരിക്കുന്ന സീറ്റുകൾ, കാലാവധി	2021-22 എൻറോൾ ചെയ്തവരുടെ എണ്ണം	2022-23 എൻറോൾ ചെയ്തവരുടെ എണ്ണം
1	Post Graduate Diploma in Traditional Architecture	25	21	0

	(PGDT)	ഒരു വർഷം		
2	Diploma in Traditional Architecture Correspondance Course (DTAC)	25 ഒരു വർഷം	0	49
3	Certificate course in Traditional Architecture (CTA)	40 ഒരു വർഷം	11	0
4	Short Term course in Vastusaatra	30 നാലു മാസം	5	6
5	Diploma in Mural Painting	10 രണ്ടു വർഷം	0	0
6	Mural painting Short term course	25 ഒരു വർഷം	15	0
7	Summer Vacation Course in Mural paintings for students at selected Education and cultural Institutions	50 ഇരുപത്തഞ്ച് ദിവസം	0	0
	ആകെ	**205**	**52**	**55**

അടിസ്ഥാന സൗകര്യലഭ്യത വർദ്ധിപ്പിച്ച് വിവിധ കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം കൂട്ടാനും മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിനും ഉള്ള സാധ്യതകൾ കൂടി പരിഗണിക്കാവുന്നതാണ്.

1-9 സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമില്ല

ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിൽ ആറൻമുളയിൽ സ്ഥിതി ചെയ്യുന്ന വഴിയോര വിശ്രമ കേന്ദ്രത്തിലാണ് വാസ്തുവിദ്യാ ഗുരുകുലം പ്രവർത്തിച്ച് വരുന്നത്. എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ 13-07-2005 മുതൽ 12-07-2010 വരെയുള്ള കാലയളവിൽ പ്രതിമാസം 3500 രൂപ വാടകയും തുടർന്ന് 13-07-2010 മുതൽ 12-07-2015 വരെയുള്ള കാലയളവിൽ പ്രതിമാസം 3850 രൂപ വാടകയും ടൂറിസം ഡിപ്പാർട്ട്മെന്റിന് നൽകി. തുടർന്ന് വാടക പുതുക്കി നൽകാൻ ടൂറിസം ഡിപ്പാർട്ട്മെന്റ് തയ്യാറായില്ല. 31-07-2015-ലെ P3(C4)-1543/2005-ാം നമ്പർ കത്ത് പ്രകാരം ടൂറിസം വകുപ്പ് ഡയറക്ടർ പത്തനം തിട്ട പി.ഡബ്ല്യു.ഡി-റോഡ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ടി സ്ഥാപനത്തിന്റെ വാടക നിശ്ചയിച്ച് നൽകാൻ കത്ത് നൽകുകയുണ്ടായി. എന്നാൽ നിലവിലും വാടക നിശ്ചയിച്ച് നൽകിയിട്ടില്ല.

കെട്ടിടത്തിന്റെ വാടകക്കരാർ 12-07-2015-ൽ അവസാനിച്ചതിനെ തുടർന്ന് വാടകക്കരാർ പുതുക്കുന്നതിന് വിനോദസഞ്ചാര വകുപ്പിലേക്ക് നിരവധി കത്ത് നൽകിയെങ്കിലും വിനോദ സഞ്ചാര ആവശ്യങ്ങൾക്കല്ലാതെ കെട്ടിടം വിട്ടുനൽകാനാവില്ലാ എന്ന നിലപാടാണ് ടൂറിസം വകുപ്പ് അധികൃതൽ സ്വീകരിച്ചത്. വാടക പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് 16-05-2017-ൽ സംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ ടൂറിസം വകുപ്പ് അധികാരികളുടെ സാന്നിദ്ധ്യത്തിൽ നടന്ന മീറ്റിംഗിന്റെ തീരുമാന പ്രകാരം കെട്ടിടത്തിന്റെ വിനോദസഞ്ചാര സാദ്ധ്യതകൾ കൂടി കണക്കിലെടുത്ത് ഉപയോഗിക്കുന്നതിനും കെട്ടിടത്തിന്റെ ഒരു ഭാഗം ടൂറിസം ഡിപ്പാർട്ട്മെന്റിന് ബ്രോഷറും പ്രസിദ്ധികരണങ്ങളും മറ്റും വിതരണം ചെയ്യുന്നതിനുള്ള ഇൻഫർമേഷൻ സെന്റർ ആയി മാറ്റുന്നതിനും തീരുമാനമായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വാസ്തുവിദ്യാ ഗുരുകുലം നിലവിൽ പ്രവർത്തിച്ച് വരുന്നത്. പി.ഡബ്ല്യു.ഡി-റോഡ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വാടക നിശ്ചയിച്ച് നൽകാത്തതിനാൽ നിലവിൽ വാടക നൽകുന്നില്ല.

2005-ൽ തുടങ്ങിയ സ്ഥാപനം പതിനഞ്ച് വർഷത്തിന് ശേഷവും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. 13-07-2015 മുതൽ കെട്ടിടത്തിന്റെ വാടകക്കാര്യത്തിൽ ധാരണയില്ലാതെയാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടം ഇല്ലാത്ത സാഹചര്യത്തിൽ സ്ഥാപനം നടത്തുന്ന കോഴ്സുകളിൽ കുട്ടികളുടെ അദ്ധ്യയനത്തിനായി ആറൻമുളയിൽ കെട്ടിടം വാടയ്ക്കെടുത്താണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ഇനത്തിലും ഓരോ വർഷവും വലിയ തുക തന്നെ ചെലവഴിക്കുന്നുണ്ട്

ടി വിഷയത്തിൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതും ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് വാടക

ക്രമപ്പെടുത്തേണ്ടതുമാണ്. വാസ്തുവിദ്യാ ഗ്രൂപ്പിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ അനുമതിയോടു കൂടി ആറന്മുള കോപ്പറേറ്റീവ് എഞ്ചിനിയറിംഗ് കോളജ് വക 3.96 ഏക്കർ നിലം സെന്റിന് 5000/രൂപ നിരക്കിൽ വാങ്ങിയെങ്കിലും കെട്ടിട നിർമ്മാണത്തിന് കൃഷി വകുപ്പ് അനുമതി നിഷേധിച്ചിരിക്കുകയാണ്. പാരമ്പര്യ വാസ്തുവിദ്യ അന്യം നിന്നു പോകാതെ വരും തലമുറക്ക് കൂടി പകർന്നു നൽകുന്നതിനായി പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗ്രൂപ്പിലെ മുഴുവൻ പ്രവർത്തനങ്ങളും ഒരു സമുച്ചയത്തിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ടി വിഷയം സംസ്കാരിക വകുപ്പിന്റെ ശ്രദ്ധയികൊണ്ടുവരേണ്ടതാണ്.

1-10 താത്കാലിക നിയമനങ്ങൾക്ക് സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങുന്നില്ല

വാസ്തു വിദ്യാ ഗ്രൂപ്പിൽ 17 സ്ഥിരം തസ്തികകളാണുള്ളത്. 10 സ്ഥിരം ജീവനക്കാരാണ് നിലവിലുള്ളത്. താത്കാലിക ജീവനക്കാരും വിവിധ പ്രോജക്ടുകളിലേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരുമാണ് ഇവരോടൊപ്പം ജോലി ചെയ്യുന്നത്. കൂടാതെ വിവിധ അക്കാദമിക് കോഴ്സുകൾക്ക് ഗസ്റ്റ് ഫാക്കൽറ്റികളും ഉണ്ട്. കോഴ്സ് കോർഡിനേറ്റർ, അക്കൗണ്ട്സ് ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ്, മ്യൂറൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ സ്ഥിരം ജീവനക്കാരില്ല. സ്ഥപതി തസ്തികയിലുള്ള ജീവനക്കാരന് കോഴ്സ് കോർഡിനേറ്ററുടെ അധിക ചുമതല നൽകിയും മറ്റുള്ള തസ്തികകളിൽ ദിവസ വേതനക്കാരെ നിയമിച്ചുമാണ് നിലവിൽ പ്രവർത്തിക്കുന്നത്. സ്ഥാപനത്തിലെ നിലവിലെ ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ച സ്ഥിരം തസ്തികകളുടെ എണ്ണം	17
നിലവിലുള്ള സ്ഥിരം തസ്തികകളുടെ എണ്ണം	10
ഒഴിവുള്ള സ്ഥിരം തസ്തികകളുടെ എണ്ണവും തസ്തികയുടെ പേരും	എക്സി.ഡയറക്ടർ-1 കോഴ്സ് കോർഡിനേറ്റർ -1 ഡ്രാഫ്റ്റ്സ്മാൻ-1 അസി.മ്യൂറൽ ആർട്ടിസ്റ്റ്-1 അക്കൗണ്ട്സ് ക്ലർക്ക്-1 ഓഫീസ് അസിസ്റ്റന്റ്-1 ഡ്രൈവർ- 1 ആകെ-7
താൽക്കാലിക ജീവനക്കാരുടെ എണ്ണം	5
കരാർ ജീവനക്കാരുടെ എണ്ണം	11

ഭരണസമിതിയുടെ അംഗീകാരത്തോടെ നടത്തുന്ന താത്കാലിക നിയമനങ്ങൾക്ക് സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങുന്നില്ല. സർക്കാർ അനുമതി/അംഗീകാരമില്ലാതെ യാതൊരു തസ്തികകളും(സ്ഥിരം/ഡെപ്യൂട്ടേഷൻ/ദിവസ വേതന/കോൺട്രാക്ട്/താൽക്കാലിക) സൃഷ്ടിക്കുവാനോ നിയമനം നടത്തുവാനോ പാടില്ലെന്ന് 01/03/2011-ലെ സ.ഉ(കൈ)നം.30/2011/സി.എ.ഡി നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2
വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 തോപ്പിൽ ഭാസി മെമ്മോറിയൽ ഓഡിറ്റോറിയം നിർമ്മാണം-പ്രവൃത്തി മറ്റൊരു എജൻസിക്ക് കൈമാറി

ആലപ്പുഴ ജില്ലയിലെ കായംകുളത്തുള്ള കൃഷ്ണപുരം സാംസ്കാരിക കൃാംമ്പസിൽ തോപ്പിൽഭാസി മെമ്മോറിയൽ ഓഡിറ്റോറിയം നിർമ്മിക്കാൻ കേരള സർക്കാർ തീരുമാനിച്ചിരുന്നു. പ്രസ്തുത ഓഡിറ്റോറിയം നിർമ്മാണത്തിന് ആറന്മുള വാസ്തു വിദ്യ ഗ്രൂപ്പം 2,06,15,384 രൂപയുടെ പ്ലാനും എസ്റ്റിമേറ്റും ബഹു.സർക്കാരിന് മുമ്പാകെ സമർപ്പിക്കുകയുണ്ടായി. ജി.ഒ.(ആർ.ടി) നമ്പർ 165/2022/CLAD തീയതി: 21-03-2022 പ്രകാരം ഗവൺമെന്റ് 2021-22 സാമ്പത്തിക വർഷം ആദ്യ ഗഡുവായി 50 ലക്ഷം രൂപ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് കൈമാറുകയും തുടർന്ന് വാസ്തു വിദ്യാ ഗ്രൂപ്പിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. പ്രസ്തുത തുക വാസ്തു വിദ്യാ ഗ്രൂപ്പിന്റെ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, ആറന്മുള ബ്രാഞ്ച് അക്കൗണ്ടിൽ (എസ്.ബി അക്കൗണ്ട് നമ്പർ 5218469786) ക്രെഡിറ്റ് ചെയ്യുകയും ആയത് സ്ഥാപനത്തിന്റെ പ്രസ്തുത വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. വാസ്തുവിദ്യാ ഗ്രൂപ്പം മൂന്ന്

പതിറ്റാണ്ടിലേറയായി നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും, ഇന്നുവരെ സർക്കാരിൽ നിന്ന് പ്രോജക്ട് മോണിറ്ററിംഗ് കൺസൾട്ടൻസി – അക്രഡിറ്റേഷൻ (പി.എം.സി – അക്രഡിറ്റേഷൻ) ലഭിച്ചിട്ടില്ല. അതിനാൽ, വാസ്തുവിദ്യാ ഗുരുകുലത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനോട് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ അഭ്യർത്ഥിക്കുകയും 16-03-202-ലെ നമ്പർ P-87/2022/vvg-ലെ കത്ത് പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തു. തുടർന്ന് 18-3-2023-ലെ P95/2023/VVG നമ്പർ കത്ത് പ്രകാരം പദ്ധതി അടങ്കലിന്റെ (2,06,15,384 രൂപ) 20% തുകയായ 413077രൂപ കെ.എസ്.സി.എ.ഡി.സി-ക്ക് കൈമാറിയ ശേഷം, സ്ഥാപനം 20-03-2023-ന് കെ.എസ്.സി.എ.ഡി.സി-യുമായി ഒരു കരാർ ഒപ്പിട്ടു. മുകളിൽ പറഞ്ഞ എല്ലാ തീരുമാനങ്ങളും സ്ഥാപനത്തിന്റെ ഭരണസമിതിയുടെ അനുമതിയില്ലാതെ അന്നത്തെ എക്സിക്യൂട്ടീവ് ഡയറക്ടർ എടുത്തതായാണ് കാണുന്നത്. ബാലൻസ് തുക എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ സൂപ്പർ വിഷൻചാർജ് ഇനത്തിൽ വരവിൽ ഉൾപ്പെടുത്തുകയും ചെയ്തു. വാസ്തു വിദ്യാ ഗുരുകുലം വഴി ഈ പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചതും തുക സ്ഥാപനത്തിന് കൈമാറിയതെന്നും ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ സ്ഥാപനം പി.എം.സി നേടിയിട്ടില്ല എന്ന ഒറ്റ കാരണത്താൽ, സാദ്ധ്യമായ മറ്റ് മാർഗ്ഗങ്ങൾ ആലോചിക്കാതെ കെ.എസ്.സി.ഡി.എ.സി-ക്ക് പ്രവൃത്തി കൈമാറുകയും ചെയ്യുകയാണുണ്ടായത്. വാസ്തു വിദ്യാ ഗുരുകുലം മൂന്ന് പതിറ്റാണ്ടിലേറെയായി നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രോജക്ട് മോണിട്ടറിംഗ് കൺസൽട്ടൻസി അക്രഡിറ്റേഷൻ (പി.എം.സി അക്രഡിറ്റേഷൻ) ലഭിച്ചിട്ടില്ലായെന്നത് ഗൗരവകരമായ അനാസ്ഥയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ഇടപെടൽ അനിവാര്യമാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഗവേഷണ പ്രോജക്ട് പൂർത്തിയായില്ല

ജലാംശത്തെ അതിജീവിക്കുന്ന മൺനിർമ്മിതികൾ, പഴയ കെട്ടിടം പൊളിക്കുമ്പോൾ ലഭിക്കുന്ന ഖരമാലിന്യങ്ങളുടെ പുനരുപയോഗം, ഓർഗാനിക് ബോണ്ടിംഗ് മിശ്രിതമായ അഷ്ടമൂട്ടിന്റെ ശാസ്ത്രീയത എന്നിവ സംബന്ധിച്ച് പഠന ഗവേഷണം നടത്തുന്നതിനും, റിസർച്ച് ലാബ് നിർമ്മിക്കുന്നതിനുമായി അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിൽ നിന്നും 21 87,750രൂപ അനുവദിക്കുകയും, ആയതിൽ 10,25,000രൂപ ഉപകരണങ്ങൾ വാങ്ങിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ളതുമാണ്. ലഭ്യമായ ഫയൽ പ്രകാരം കെട്ടിടം നിർമ്മാണത്തിന് 10,03,169 രൂപയും, ചുവടെ ചേർത്തിരിക്കുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനായി 8,96,222രൂപയും തൻവർഷം ചെലവഴിച്ചിരിക്കുന്നു.

ഉപകരണം	തുക
കംപ്രസ്സിംഗ് ടെസ്റ്റിംഗ് മെഷീൻ	403029
കംപ്രഷൻടെസ്റ്ററും അനുബന്ധ ഉപകരണങ്ങളും	280744
മാന്വൽ സ്ക്രൂ ടൈപ്പ് കംപ്രസ്സിംഗ്	79060
ഹോട്ട് എയർ ഓവൻ	59590
മെഷീൻ ടേബിൾ സെറ്റ് ചെയ്തത്	10980
ഇലക്ട്രിക്കൽ മെറ്റീരിയൽസ്	29820
ഉപകരണങ്ങളുടെ സർവ്വീസ് ചാർജ്	32999
ആകെ	**896222**

ഇതു കൂടാതെ പഠനഗവേഷണം നടത്തുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി 2022-23വർഷം 7,44,184 രൂപ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിൽ നിന്നും ലഭിച്ച തുകയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പഠനഗവേഷണം നടത്തുന്നതിനുള്ള ധനസഹായം അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിൽ നിന്നും ലഭിക്കുകയും, അടിസ്ഥാന സൗകര്യം സ്ഥാപനം തന്നെ ഒരുക്കുകയും ചെയ്യേണ്ടതാണെന്ന വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിച്ചിട്ടുള്ളത് വാസ്തുവിദ്യാഗുരുകുലത്തിന്റെ തനത്ഫണ്ട് വിനിയോഗിച്ചാണ്.

എന്നാൽ നാളിതുവരെ പഠനഗവേഷണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (3/22-23, 09-04-2025) ഗവേഷണങ്ങൾ പൂർത്തിയായിക്കൊണ്ടിരുന്ന സാഹചര്യത്തിൽ ഗവേഷണച്ചുമതലയിലുണ്ടായിരുന്ന പ്രോജക്ട് എഞ്ചിനീയർക്കെതിരെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയതുമായി ബന്ധപ്പെട്ട് അച്ചടക്കനടപടി സ്വീകരിച്ചതായും, ആയത് തുടർന്നുവരുന്നതായും മറുപടി ലഭ്യമാക്കിയിരിക്കുന്നു. പഠനഗവേഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പ്രോജക്ട് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

	2021-22	2022-23
മുന്നിരിപ്പ്	4479267.84	5424477.62
വരവ്	18331142.59	27957131.39
ആകെ	22810410.81	33381609.01
ചെലവ്	17385932.81	31067411.05
നീക്കിയിരിപ്പ്	5424477.62	2314197.96

31-03-2023-ലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

1	ക്യാഷ്	258
2	കാത്തലിക് സിറിയൻ ബാങ്ക്	22580.14
3	സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ-1641213117	1632271.78
4	സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ-5218469786	554074.14
5	പി.ഡി.അക്കൗണ്ട്- സബ്ട്രഷറി	11684
6	റ്റി.എസ്.ബി അക്കൗണ്ട്- സബ്ട്രഷറി	4940
7	ആർ.ഇ.എൽ ബെനിഫിറ്റ് അക്കൗണ്ട്	24954.90
8	പ്ലാൻ സ്കീം റ്റി.എസ്.ബി.	63435

4-2 ഓഡിറ്റ് ചാർജ്ജ്

ഓഡിറ്റ് വർഷം സർക്കാരിലേക്ക് അടക്കേണ്ട ഓഡിറ്റ് ചാർജ്ജിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ചാർജ്ജ് കണക്കാക്കേണ്ട വരവിനങ്ങൾ	തുക	
	2021-22	2022-23
ആപ്ലിക്കേഷൻ ഫീ	23229.80	21700
കൺസൾട്ടൻസി ഫീ	1751372.26	3192187.24
ചുമർ ചിത്രങ്ങളുടെ വിൽപ്പന	250533.71	98180
കോഴ്സ് ഫീ കളക്ഷൻ	1572791.87	1166698
പുസ്തകങ്ങളുടെ വിൽപ്പന	16550	47750
ബാങ്ക് പലിശ	29917	164726
ടൂറിസം മ്യൂറൽ പ്രോജക്ട്	768075	--
വൈലോപ്പള്ളി സംസ്കൃതി ഭവൻ പ്രോജക്ട്	1141680	--
റജിസ്ട്രേഷൻ ഫീ, ആദായനികുതി റീ ഫണ്ട്, പലിശ	6472	3884
വാഹന ഇൻഷ്വറൻസ്, വിൽപ്പന	--	98485
മറ്റ് വരുമാനം	6723.70	24317
എക്സിബിഷൻ	--	12744
എക്സാമിനേഷൻ ഫീ	--	3300
ആറന്മുള കണ്ണാടി വിൽപ്പന	--	11500
ഗ്രാമീണ കലാകേന്ദ്രം വസ്തുക്കളുടെ വിൽപ്പന	41100	61400
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന ആകെ വരവ്	**5608445.34**	**4906871.24**
ഓഡിറ്റ് ചാർജ്ജ് @1%	56084	49068
മുൻ വർഷം സർക്കാരിൽ അടവാക്കാൻ ബാക്കിയുണ്ടായിരുന്ന ഓഡിറ്റ് ചാർജ്ജ്	₹ 1,70,950	
ആകെ	₹ 2,76,102	
(-) ഒടുക്കിയ തുക (19-01-2024)	₹ 1,70,950	
31.03.2023 ൽ സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ്.	₹ 1,05,152	

ഓഡിറ്റ് ചാർജ് ആയ 1,05,152 രൂപ "0070-60-110-99-Audit Charges"എന്ന ഹെഡിൽ ഒടുക്കി ചെലാൻ സഹിതം വിവരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതാണ്.

4-3 ഓഡിറ്റ് പ്രത്യവലോകനം

	2021-22	2022-23
ആകെ വരവ്	18331142.59	27957131.39
ആകെ ചെലവ്	17385932.81	31067411.05

എ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ

ഇല്ല

ബി) ഓഡിറ്റിൽ നിരാകരിച്ച തുകയുടെ വിശദാംശങ്ങൾ

ഇല്ല

4-4 മുൻ റിപ്പോർട്ടിലെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

വർഷം	റിപ്പോർട്ട് നമ്പർ / തീയതി	ഖണ്ഡിക നമ്പർ
2012-13 & 2013-14	എൽ.എഫ്. പി.റ്റി.എ/പി3/286/15 ; 15.06.2015	7(8),8
2015-16	കെ.എസ്.എ.പി.റ്റി.എ.P3/337/17; 04.05.2017	2-4,2-7,2-8
2016-17	കെ.എസ്.എ.പി.റ്റി.എ.P3/670/17/14.06.2017	1-8,2-4,2-5,2-6,2-8
2017-18 & 2018-19	കെ.എസ്.എ.പി.റ്റി.എ.P3/574/2020; 16.10.2020	എല്ലാ ഖണ്ഡികകളും
2019-20 & 2020-21	കെ.എസ്.എ.പി.റ്റി.എ.P3/657/2022; 18.07.2022	എല്ലാ ഖണ്ഡികകളും

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

അനുബന്ധം 1

വാസ്തുവിദ്യ ഗുരുകുലം 2021-22 വർഷത്തെ വരവ് ചെലവ് പത്രിക

വരവിനം	തുക	ചെലവിനം	തുക
മുന്നിരിപ്പ്		ഓഡിറ്റ് ഫീ	12000
കാഷ്:	3876	ഫ്ലഡ് സെസ്സ്	4522
ബാങ്ക്/ട്രഷറി, ഇൻവെസ്റ്റ്മെന്റ്	4475391.84	ജി.ഐ.എസ്.	55200
ജീവനക്കാർക്കുള്ള മുൻകൂർ	136751	ജി.പി.എഫ്.	956096
അപേക്ഷ ഫീസ്	23229.80	ജി.എസ്.റ്റി.	1292940.50
ആർക്കിയോളജിക്കൽ പ്രോജക്ട് വരവ്	1752754	എൻ.പി.എസ്.	197252
സെസ്സ്	4237.14	വാടക	23750
കൺസൾട്ടൻസി ഫീസ്	1751372.26	ശമ്പളം	5813150
കോഴ്സ് ഫീ	1572791.87	ശമ്പള റിക്കവറികൾ	532738
നോൺ പ്ലാൻ ഫണ്ട്	1000000	എസ്.എൽ.ഐ.	48000
സർക്കാർ ഗ്രാന്റ്	4125000	റ്റി.ഡി.എസ്.	474500
ജി.എസ്.ടി.	629227.11	ജീവനക്കാർക്കുള്ള മുൻകൂർ	530542
ബാങ്ക് പലിശ	29917	അഡ്വാൻസ്- മറ്റുള്ളവ	125000
ആദായ നികുതി റീഫണ്ട് പലിശ	5972	സി.ജി.എസ്.റ്റി.	11812.28
ചുമർചിത്രം പ്രോജക്ട് വരവ്	768075	ഐ.ജി.എസ്.റ്റി.	11812.28
വൈലോപ്പള്ളി സംസ്കൃതി ഭവൻ പ്രോജക്ട് വരവ്	1141680	ശമ്പളം-മുൻകൂർ	165000
ഗ്രാമീണ കലാ കേന്ദ്രം വരവ്	41100	വർക്കല വിഷൻ പ്രോജക്ട്	139747
ചുമർചിത്രകലാ കാമ്പ് റജി. ഫീസ്	500	വൈലോപ്പള്ളി സംസ്കൃതി ഭവൻ പ്രോജക്ട് ചെലവ്	194543

ബുക്ക് വിൽപ്പന	16550	ടൂറിസം ഡയറക്ടറേറ്റ് പ്രോജക്ട് ചെലവ്	75182
ചുമർചിത്ര വിൽപ്പന	250533.71	ആർക്കിയോളജിക്കൽ പ്രോജക്ട് ചെലവ്	1017513
റ്റി.ഡി.എസ്.	74728	ജി.പി.എ.ഐ.എസ്.	5500
തോപ്പിൽഭാസി സ്മാരകം ഓഡിറ്റോറിയം നിർമ്മാണം	5000000	ബാങ്ക് ചാർജ്ജ്	13865.30
പലവക വരവുകൾ	6723.70	ബുക്ക് പ്രന്റിംഗ് ചാർജ്ജ്	143110
		ശിശുദിന സ്റ്റാമ്പ്	6500
		കോഴ്സ് ചെലവ്	294172
		കൺസൾട്ടൻസി	45866.39
		കമ്പ്യൂട്ടർ മെയിന്റനൻസ്	27030
		ഇന്ധന ചാർജ്ജ്	28849
		കറന്റ് ചാർജ്ജ്	58531
		ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ	5535
		ജനറേറ്റർ മെയിന്റനൻസ്	1700
		മീറ്റിംഗ് ചെലവുകൾ	41575
		ഫ്ലഡ് സെസ്സ് പലിശ	144
		ജി.എസ്.ടി, ലേറ്റ് ഫീ	3954
		കെ.പി. ഇന്ദുനാഥ് സ്മാരക അവാർഡ്	10000
		ഇലക്ട്രിക് കാർ വാടക	340578
		മൈറൽ എക്സ്പെൻസ്	1105975
		പലവക	6502
		നെയിം ബോർഡ്	5750
		ഓഫീസ് ചെലവുകൾ	101489.26
		ഉത്സവ ബത്ത	40050
		പോസ്റ്റേജ്	1318
		പ്രിന്റിംഗ് & സ്റ്റേഷനറി	38446
		പ്രോഫഷണൽ ഫീ	30000
		ഓണറേറിയം	50000
		വാടക	319882
		റിപ്പയേഴ്സ് & മെയിന്റനൻസ്	232909
		റജി. ഫീ- ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ്	11800
		ഗ്രാമീണ കലാ കേന്ദ്രം-ചെലവുകൾ	60500
		ലീവ് സറണ്ടർ	30444
		സ്റ്റാമ്പ്	650
		യാത്രാപ്പടി, ബത്ത	32850.80
		ടെലിഫോൺ ചാർജ്ജ്	2897
		വാഹന ഇൻഷ്വറൻസ്	5150
		വാഹനം അറ്റകുറ്റപ്പണികൾ	9605
		വേതനം, സ്റ്റൈപെൻഡ്	1927438
		വെള്ളം	4961
		വെബ്സൈറ്റ് പുതുക്കൽ	9187
		ഫർണീച്ചർ	95217
		കമ്പ്യൂട്ടർ	336974

		എൽ.ഇ.ഡി. റ്റി.വി.	14000
		സി.സി.റ്റി.വി. കാമറ	91425
		ലൈബ്രറി പുസ്തകങ്ങൾ	112303
		നീക്കിയിരിപ്പ്	
		കാഷ്	376
		ബാങ്ക്/ട്രഷറി, ഇൻവെസ്റ്റ്മെന്റ്	5424101.62
ആകെ	**22810410.43**	**ആകെ**	**22810410.43**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട

അനുബന്ധം - 2

വാസ്തു വിദ്യ ഗുരുകുലം 2022-23 വർഷത്തെ വരവ് ചെലവ് പത്രിക

വരവിനം	**തുക**	**ചെലവിനം**	**തുക**
മുന്നിരിപ്പ്		ഓഡിറ്റ് ഫീ	12000
കാഷ്:	376	ജി.പി.എ.ഐ.എസ്.	8750
ബാങ്ക്/ട്രഷറി, ഇൻവെസ്റ്റ്മെന്റ്	5424101.62	ജി.ഐ.എസ്.	54734
അപേക്ഷ ഫീസ്	21700	ജി.പി.എഫ്.	445160
ആർക്കിയോളജിക്കൽ പ്രോജക്ട് വരവ്	2720338.99	ജി.എസ്.റ്റി.	819859
കൺസൾട്ടൻസി ഫീസ്	3192187.24	എൻ.പി.എസ്.	112608
കോഴ്സ് ഫീ	1166698	വാടക	447896
ലോൺസ് & അഡ്വാൻസ്	21011	ശമ്പളം	4782702
സർക്കാർ ഗ്രാന്റ്	3900000	പലിശ, ലേറ്റ് ഫീ	1402
ഐ.കെ.എസ്. ഗ്രാന്റ്	2187750	എസ്.എൽ.ഐ.	51626
ബാങ്ക് പലിശ	164726	റ്റി.ഡി.എസ്.	373900
ആദായ നികുതി റീഫണ്ട് പലിശ	3884	ജീവനക്കാർക്കുള്ള മുൻകൂർ	4545487
ഗ്രാമീണ കലാ കേന്ദ്രം വരവ്	12750000	സി.ജി.എസ്.റ്റി.	1080
ജി.എസ്.ടി.	1264875.16	ഐ.ജി.എസ്.റ്റി.	1080
എക്സാമിനേഷൻ ഫീ	3300	ശമ്പളം-മുൻകൂർ	15000
ഐ.കെ.എസ്. ടെസ്റ്റിംഗ് ഫീ	3600	ഏറ്റുമാനൂരപ്പൻ ടെമ്പിൾ പ്രോജക്ട്	32400
ആറന്മുള കണ്ണാടി	11500	റ്റി.ഡി.എസ്. 2022-23	64200
ഗ്രാമീണ കലാ കേന്ദ്രം വസ്തുക്കളുടെ വിൽപ്പന	61400	റ്റി.ഡി.എസ്. ജി.എസ്.ടി.	54406
ബുക്ക് വിൽപ്പന	47750	അയിരൂർ കഥകളി മ്യൂസിയം	12000
ചുമർചിത്ര വിൽപ്പന	98180	ആർക്കിയോളജിക്കൽ പ്രോജക്ട് ചെലവ്	347970
വരമുദ്ര പ്രദർശന വിൽപ്പന	12744	ഐ.കെ.എസ്. ചെലവ്	689008
റ്റി.ഡി.എസ്. 2020-21	74890	ബാങ്ക് ചാർജ്ജ്	17028.66
റ്റി.ഡി.എസ്. 2021-22	130796	ചാർജ്ജ് അലവൻസ്	5100
വാഹന ഇൻഷ്വറൻസ് വരവ്	74984	ശിശുദിന സ്റ്റാമ്പ്	4500
പലവക വരവുകൾ	21316	കോഴ്സ് ചെലവ്	334893
വാഹന വിൽപ്പന	20500	കൺസൾട്ടൻസി	24940
അറ്റൻഡൻസ് ഷോർട്ടേജ് ഫീ	3001	കോഴ്സ് ഫീ റിഫണ്ട്	500

		വാഹന ചാർജ്ജിംഗ്	800
		ഇന്ധന ചാർജ്ജ്	18600
		കറന്റ് ചാർജ്ജ്	107659
		എക്സിബിഷൻ ചെലവ്	110529
		ജനറേറ്റർ മെയിന്റനൻസ്	3720
		മീറ്റിംഗ് ചെലവുകൾ	42465
		ജി.എസ്.ടി. ഫയലിംഗ്	12500
		സിവിൽ എഞ്ചിനീയറിംഗ് ലാബ്	1003169
		മൃറൽ പെയിന്റിംഗ്	83250
		പലവക	54183.39
		അപ്രന്റീസ് ടെയിനിംഗ് ഫീ	32000
		ഓഫീസ് ചെലവുകൾ	160933
		ഉത്സവ ബത്ത	38760
		പോസ്റ്റേജ്	3772
		പ്രിന്റിംഗ് & സ്റ്റേഷനറി	105721
		പ്രോഫഷണൽ ഫീ	31250
		ന്യൂസ് പേപ്പറും ആനുകാലികങ്ങളും	9660
		റിപ്പയേഴ്സ് & മെയിന്റനൻസ്	138239
		ഗ്രാമീണ കലാ കേന്ദ്രം-ചെലവുകൾ	11484043
		സ്റ്റാമ്പ്	1424
		യാത്രാപ്പടി, ബത്ത	88463
		ടെലിഫോൺ, ഇന്റർനെറ്റ് ചാർജ്ജ്	41417
		വാഹന വാടക	94320
		വേതനം	1895379
		വെള്ളം	6660
		വെബ്സൈറ്റ് പുതുക്കൽ	11649
		ഫർണീച്ചർ	41850
		കമ്പ്യൂട്ടർ	50313
		ഓവർഹെഡ് പ്രോജക്ടർ	59750
		ഫോട്ടോസ്റ്റാറ്റ് മെഷീൻ	49750
		സാനിട്ടറി നാപ്കിൻ ഇൻസിനറേറ്റർ	27482
		ഐ.കെ.എസ്. മെറ്റീരിയൽസ്	947471
		കോഫി ടേബിൾ ബുക്ക്സ്	1050000
		നീക്കിയിരിപ്പ്	
		കാഷ്	258
		ബാങ്ക്/ട്രഷറി, ഇൻവെസ്റ്റ്മെന്റ്	2313939.96
ആകെ	**33381609.01**	**ആകെ**	**33381609.01**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട

അനുബന്ധം - 3

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.പി.റ്റി.എ.പി3/504/2025 **തിയതി: 16.04.2025**

പത്തനംതിട്ട ജില്ലയിലെ ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ 2021-22, 2022-23 വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുകയും അതിനുവേണ്ടി എനിക്കാവശ്യമായ എല്ലാ വിവരങ്ങളും ലഭിക്കുകയും ചെയ്തു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പത്തനംതിട്ട ജില്ലയിലെ ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ 2021-22, 2022-23 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്നിഗ്ധ എസ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട